STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.488/PR/SPMC/PHQ/2026 Date:14.10.2026

## പത്രക്കുറിപ്പ്

# രാഷ്ട്രീയ ഏകത ദിവസ് മോട്ടോർ സൈക്കിൾ റാലിക്ക് അടൂരിൽ സ്വീകരണം

രാഷ്ട്രീയ ഏകത ദിവസിനോടനുബന്ധിച്ച് കേരള പോലീസിന്റെ ആഭിമുഖ്യത്തിൽ "FIGHT AGAINST DRUGS" എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് നടത്തുന്ന നാഷണൽ മോട്ടോർ സൈക്കിൾ റാലിയ്ക്ക് അടൂർ കെ.എ.പി 3 ബറ്റാലിയനിൽ സ്വീകരണം നൽകി.

മോട്ടോർ സൈക്കിൾ റാലിയുടെ തുടർയാത്ര അടൂർ മുൻസിപ്പൽ ചെയർപേഴ്സൺ റീന സാമുവൽ ഫ്ളാഗ് ഓഫ് ചെയ്തു.

ലഹരിക്കെതിരായ ജനകീയ പ്രതിരോധത്തിന്റെ ഭാഗമായുള്ള റാലി തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിൽ ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല ഫ്ളാഗ് ഓഫ് ചെയ്തിരുന്നു. തുടർന്ന് എം.സി റോഡ് വഴി യാത്ര ചെയ്ത് അടൂരിൽ എത്തുകയായിരുന്നു.

അടൂർ കെ.എ.പി മൂന്നാം ബറ്റാലിയൻ ക്യാമ്പിൽ നടന്ന ചടങ്ങിൽ ഏറത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മറിയാമ്മ തരകൻ, വാർഡ് മെമ്പർ സൂസൻ ശശികുമാർ, കെ.എ.പി 3 ബറ്റാലിയൻ കമാണ്ടൻറ് മനോജ് കെ. നായർ, ഡെപ്യൂട്ടി കമാണ്ടന്റ് സജീന്ദ്രൻ പിള്ള, അസിസ്റ്റന്റ് കമാണ്ടന്റുമാരായ വിനോദ് കെ, സ്റ്റാർ മോൻ ആർ. പിള്ള, മറ്റ് പോലീസ് ഉദ്യോഗസ്ഥർ, സേനാംഗങ്ങൾ, വിവിധ സ്കൂളുകളിൽ നിന്നുള്ള സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ് തുടങ്ങിയവർ പങ്കെടുത്തു.

യാത്രാമധ്യേ പ്രാദേശിക പോലീസിന്റെ സഹകരണത്തോടെ കോളേജ്യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ, എൻ.സി.സി, എൻ.എസ്.എസ് കേഡറ്റുകൾ, യുവാക്കൾ, പൊതുജനങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ശക്തമായ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും.

റാലി കൊച്ചിയിൽ എത്തുമ്പോൾ ലക്ഷദ്വീപ് പോലീസ് സംഘം ഒപ്പം ചേരും. തുടർന്ന് തൃശൂർ, കണ്ണൂർ വഴി കർണ്ണാടകത്തിലേക്ക് പ്രവേശിക്കും. ഉഡുപ്പി വഴി ഗോകർണ്ണയിലെത്തുമ്പോൾ കർണ്ണാടക പോലീസും, പനാജിയിൽ നിന്ന് രത്നഗിരിയിലേക്കുള്ള യാത്രയിൽ ഗോവ പോലീസും, തുടർന്ന് മഹദ്, മുംബൈ വഴി മഹാരാഷ്ട്ര പോലീസും റാലിയുടെ ഭാഗമാകും. ദാമൻ ദിയു പോലീസും ഒപ്പം ചേർന്ന് ഗുജറാത്തിലെ ബറൂച്ച് വഴി ഒക്ടോബർ 26ന് റാലി ഏകതാ നഗറിൽ എത്തിച്ചേരും.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള എല്ലാ റാലി ടീമുകളും ഒക്ടോബർ 26, 27 തീയതികളിലായി ഗുജറാത്തിലെ ഏകതാ നഗറിൽ സംഗമിക്കും. തുടർന്ന് ഒക്ടോബർ 31ന് നടക്കുന്ന ദേശീയ ഏകതാ ദിന പരേഡിലെ പ്രത്യേക 'റൈഡ് പാസ്റ്റിൽ' എല്ലാ റൈഡർമാരും അണിനിരക്കും.

സെൻട്രൽ റിസർവ് പോലീസ് ഫോഴ്സ് (സി.ആർ.പി.എഫ് )നാണ് ഈ ബൃഹത്തായ ദേശീയ പരിപാടിയുടെ ഏകോപന ചുമതല.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

*********************************************